**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2523** **23-02-2026 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിൽ സംരംഭകരുടെ പരാതി പരിഹാര സംവിധാനം കൊണ്ടു വരാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേയ്ക്ക് വ്യവസായികളുടെയും പൊതുസമൂഹത്തിന്റേയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടുവരുവാൻ ഈ സർക്കാരിന്റെ പ്രവർത്തനങ്ങൾക്കായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | കേരളത്തിൽ സംരംഭകത്വം സാധ്യമാകുമെന്നതിലേയ്ക്ക് വ്യവസായികളുടെയും പൊതു സമൂഹത്തിന്റേയും കാഴ്ചപ്പാടിനെ മാറ്റിക്കൊണ്ടു വരുവാൻ ഈ സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഭാവനാപൂർണമായ നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ ഉത്പാദനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും, ഉപദേശങ്ങളും നൽകുന്ന ഒരു *ഫെസിലിറ്റേറ്റർ* എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും, വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയും വഴി കേരളത്തെ മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയിരിക്കുന്നു.<br><br>സംസ്ഥാനത്ത് സംരംഭകർക്ക് അനുകൂലമായ ഒരു അന്തരീക്ഷം '*വ്യാവസായിക എക്കോസിസ്റ്റം*' ഉണ്ടാക്കുന്നതിന് സർക്കാർ ക്രിയാത്മകമായ നടപടികളാണ് കൈക്കൊണ്ടുവരുന്നത്. വ്യവസായ രംഗത്ത് കാലോചിതമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും നിക്ഷേപകർക്ക് സംരംഭങ്ങൾ തുടങ്ങാൻ കൂടുതൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി സംസ്ഥാനത്തിന്റെ ദൗർബല്യങ്ങൾ തിരിച്ചറിഞ്ഞുകൊണ്ടും, അതിന്റെ അന്തർലീനമായ നേട്ടങ്ങൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന ഒരു ബദൽ കാഴ്ചപ്പാട് ഉയർത്തിപ്പിടിച്ച് യാഥാർത്ഥ്യ ബോധത്തോടെ വ്യവസായ നയം, |

2023 സ.ഉ (കൈ) നം 28/2023/ID തീയതി 01/04/2023 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

സംരംഭകർക്കാവശ്യമായ സഹായങ്ങൾ നൽകുന്നതിലേക്കായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്ന പരിഹാരത്തിനായി കെ.എസ്.ഐ.ഡി.സി-യുടെ നേതൃത്വത്തിൽ ഒരു കാൾ സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ സേവനങ്ങളും മറ്റു വിവരങ്ങളും സംരംഭകരിൽ എത്തിക്കുന്നതിനായി വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിൽ വ്യവസായ വാണിജ്യ ഡയറക്ടറേറ് പേജ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് വ്യവസായികളുടെ സംശയ ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എം.എസ്.എം.ഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിനു കീഴിൽ ഉള്ള 59 താലൂക്ക് വ്യവസായ കേന്ദ്രങ്ങളെയും എന്റർപ്രൈസ് ഫെസിലിറ്റേഷൻ സെന്ററുകളായി മാറ്റുകയും, അവിടെയെല്ലാം താലൂക്ക് റിസോഴ്സ് പേഴ്സൺമാരെ നിയമിക്കുകയും ചെയ്തു. എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും റിസോഴ്സ് പേഴ്സൺമാരെ നിയമിച്ചു. ഇത് കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പദ്ധതികളുടെ നടത്തിപ്പിനായി 1153 എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവുകളെ നിയമിച്ച് പ്രവർത്തനം നടത്തിയിരുന്നു. ജില്ലാ-താലൂക്ക്-തദ്ദേശ സ്ഥാപന തലങ്ങളിലുള്ള ഈ സംവിധാനങ്ങൾ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുന്നതിനു സഹായകരമാകുന്നുണ്ട്. ഈ സാമ്പത്തിക വർഷം മുതൽ "റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പെർഫോർമൻസ് (RAMP)-പദ്ധതിയുടെ ഭാഗമായി 500 Business Development Service Provider-മാരെ കരാർ വ്യവസ്ഥയിൽ നിയമിച്ച് പ്രവർത്തനം നടന്നു വരുന്നു.

2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വന്ന സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി, 2022 ഏപ്രിൽ 1 മുതൽ 2026 ഫെബ്രുവരി 17 വരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് 4,05,674 സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 27,093 കോടി രൂപയുടെ നിക്ഷേപവും 8,64,162 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്

സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് സുസ്ഥിരമായ വളർച്ച കൈവരിക്കുന്നത് ഉറപ്പുവരുത്തുക എന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന് അനുസൃതമായി വ്യവസായ വാണിജ്യ വകുപ്പ്, സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് (എം.എസ്.എം.ഇ) മിനിമം ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ വേണ്ടി MSME ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. MSME നൽകുന്ന വാർഷിക ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 50 ശതമാനം വരെ (പരമാവധി 5000 രൂപ) റീഇംബേഴ്‌സ്‌മെന്റ് ആയി നൽകുന്ന ഈ പദ്ധതി, ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന ആണ് നടപ്പിലാകുന്നത്. കേരളത്തി സ്കെയിൽ അപ്പ് മിഷൻ പദ്ധതി (മിഷൻ 1000) ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 534 സംരംഭങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിനു വ്യവസായവകുപ്പ് നടപ്പിലാക്കി വരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ തദ്ദേശസ്ഥാപനങ്ങളിലും എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്.

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വകുപ്പ് നടത്തി വരുന്ന കാമ്പയിനായ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി 250-ൽ പരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻ വേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും, അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം"സംരംഭക സഭ"എന്ന പേരിൽ നടത്തിയിട്ടുണ്ട്.

കേന്ദ്ര സർക്കാർ വേൾഡ് ബാങ്ക് പിന്തുണയോടെ നടപ്പിലാക്കുന്ന പദ്ധതിയാണ് "റെയ്സിംഗ് ആൻഡ് ആക്സിലറേറ്റിംഗ് എം.എസ്.എം.ഇ പെർഫോർമൻസ് (RAMP). അഞ്ച് വർഷ കാലയളവിൽ ഈ പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര എം. എസ്. എം. ഇ മന്ത്രാലയത്തിന്റെ (MoMSME) ആഭിമുഖ്യത്തിലാണ്. സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സര ക്ഷമതയും കാര്യശേഷിയും വർദ്ധിപ്പിക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. RAMP പദ്ധതി

കേരളത്തിലെ **MSME** കൾക്ക് മികച്ച വളർച്ച പ്രാപിക്കുവാനും, വിവിധ മേഖലകളിൽ അവയുടെ ശേഷി വികസിപ്പിക്കുവാനും സഹായകരമാകും. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മികച്ച സംയോജനം ഉറപ്പുവരുത്തിക്കൊണ്ട് കേരളത്തിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കുന്നതിനും, നിലവിലെ എം.എസ്.എം.ഇ എക്കോസിസ്റ്റം സുസ്ഥിരപ്പെടുത്തു ന്നതിനും വേണ്ടി RAMP പദ്ധതിയിലൂടെ വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യമിടുന്നു.

കൂടാതെ, സംരംഭക സഹായ പദ്ധതി (ESS),ഒരു കുടുംബം ഒരു സംരംഭം പദ്ധതി, നാനോ യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി,നിലവിലുള്ള എം എസ് ഇ കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്ന് ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ട് വരുന്നതിനുള്ള പദ്ധതി (Mission-1000), തകർച്ച നേരിടുന്നതും പ്രവർത്തന രഹിതവും ആയ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കശുവണ്ടി സംസ്കരണ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി (Scheme for revival of MSMEs with stressed asset, Defunct MSME units and cashew processing units), ഭൂമിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്ക്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക്, ഗാല എന്നീ പദ്ധതികളും വ്യവസായ വകുപ്പ് വഴി ആരംഭിച്ചിട്ടുണ്ട്.

കേരളം വ്യവസായ നയം 2023 നടപ്പിലാക്കിയത് സംരംഭകർക്കുള്ള ആത്മവിശ്വാസം വർധിപ്പിക്കുകയും, പ്രാദേശിക തൊഴിലാളികളെ നിയമിക്കുന്നതിന് സാമ്പത്തിക പ്രോത്സാഹനങ്ങൾ നൽകുകയും, ഹൈടെക് മേഖലകൾക്കും സ്റ്റാർട്ടപ്പുകൾക്കും സുരക്ഷിതമായ പ്രവർത്തന അന്തരീക്ഷം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമേ, ESG നയം, കയറ്റുമതി പ്രോത്സാഹന നയം, ഹൈടെക് മാനുഫാക്ചറിംഗ് ഫ്രെയിംവർക്ക്, ലോജിസ്റ്റിക്സ് നയം, ഗ്രാഫീൻ നയം എന്നീ നയങ്ങളും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. കൂടാതെ, എ.ഐ., ജി.സി.സി., വെൽനെസ് & ആയുർവേദ, സ്കില്ലിംഗ് (PPP) എന്നീ മേഖലകളെ കേന്ദ്രീകരിച്ച പ്രത്യേക നയങ്ങൾ സർക്കാർ പരിഗണനയിലാണ്. ഈ സമഗ്ര നയഘടനയിലൂടെയാണ് കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് സുസ്ഥിരവും ദീർഘകാലവുമായ അടിത്തറ ഒരുക്കുന്നത്.

| | | | |
|---|---|---|---|
| | | | മാത്രമല്ല, അടുത്തിടെ രേഖപ്പെടുത്തിയ **റിവേഴ്സ് മൈഗ്രേഷൻ കണക്കുകളും** ഒരു ശക്തമായ ഉദാഹരണമാണ്. ലിങ്ക്ഡ്-ഇൻ ടാലന്റ് ഇൻസൈറ്റ്സ് റിപ്പോർട്ട് പ്രകാരം, കഴിഞ്ഞ അഞ്ചു വർഷത്തിനിടെ കേരളത്തിലെ പ്രൊഫഷണൽ ടാലൻറ് പൂൾ 172% വളർന്നു. കഴിഞ്ഞ വർഷം മാത്രം 40,000–ലധികം ഉയർന്ന പ്രാവീണ്യമുള്ള പ്രൊഫഷണലുകൾ കേരളത്തിലേക്ക് മടങ്ങിയെത്തി. ഇവരിൽ 49% വിദേശരാജ്യങ്ങളിൽ നിന്നുള്ളവരും, 51% അയൽസംസ്ഥാനങ്ങളിൽ നിന്നുള്ളവരുമാണ്. |
| (ബി) | വ്യവസായ മേഖലയിൽ സംരംഭകരുടെ പരാതി പരിഹരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽ നിന്നും പിഴ ഈടാക്കുന്നതുൾപ്പെടെ ശക്തമായ പരാതി പരിഹാര സംവിധാനം കൊണ്ടുവന്നിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | സംരംഭകർക്ക് വിവിധ വകുപ്പുകളിൽ നിന്നുള്ള അനുമതികൾ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിനായി 2022 ലെ 19 നമ്പർ ആക്ട് പ്രകാരം 1999 ലെ കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡവലപ്മെന്റ് ആക്ട്, 1999 (2000 ലെ നിയമം 5) ന്റെ ഭേദഗതി വഴി നിലവിൽ വന്നിട്ടുള്ള സംവിധാനമാണ് പരാതി പരിഹാര സംവിധാനം (Grievance Redressal System). ഈ നിയമപ്രകാരം രൂപീകരിച്ചിട്ടുള്ള ജില്ലാ/സംസ്ഥാന പരാതി പരിഹാര കമ്മിറ്റികൾ മുഖേനയാണ് ഈ സംവിധാനം പ്രവർത്തിക്കുന്നത്. 10 കോടി രൂപ വരെ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ജില്ലാ കമ്മിറ്റിക്കും 10 കോടിയിൽ കൂടുതൽ നിക്ഷേപമുള്ള വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പരാതികളും ജില്ലാ കമ്മിറ്റിയുടെ തീരുമാനത്തിനുമേലുള്ള അപ്പീലും സംസ്ഥാന കമ്മിറ്റിക്കുമാണ് നൽകേണ്ടത്. ജില്ലാ കമ്മിറ്റിയിൽ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമാണ്. സംസ്ഥാന കമ്മിറ്റിയിൽ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അധ്യക്ഷനും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ കൺവീനറുമാണ്. ആക്ട് പ്രകാരമുള്ള സേവനം നൽകുന്നതിൽ എന്തെങ്കിലും വീഴ്ചയോ കാലതാമസമോ ഉണ്ടായതായി സംസ്ഥാന പരാതി പരിഹാര കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുകയാണെങ്കിൽ പ്രസ്തുത വിഷയം സംസ്ഥാന കമ്മിറ്റിക്കു പരിശോധിക്കാവുന്നതും ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതുമാണ്. അതുപോലെ ജില്ലാ കമ്മിറ്റിക്കും സംസ്ഥാന കമ്മിറ്റിക്കും ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. അതുപോലെ മതിയായ കാരണം കൂടാതെ സേവനം നൽകുന്നതിന് |

| | | | |
|---|---|---|---|
| | | | നിയുക്തനായ ഉദ്യോഗസ്ഥൻ കാലതാമസമോ വീഴ്ച വരുത്തിയി ട്ടുണ്ടെന്ന് ജില്ലാ-സംസ്ഥാന കമ്മിറ്റികൾക്ക് ബോധ്യപ്പെടുന്നപക്ഷം നിയുക്ത ഉദ്യോഗസ്ഥനുമേൽ പിഴ ചുമത്തുന്നതിനും ബാധകമായ സർവീസ് ചട്ടങ്ങൾക്ക് കീഴിൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാര സ്ഥാനത്തോട് ശുപാർശ ചെയ്യുന്നതിനും ആക്ട് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ